മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി

236 (1614) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി 2011-ന് ശേഷം മറ്റ് ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ആവശ്യത്തിനായി എത്ര ഭൂമി നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇപ്രകാരം ഭൂമി നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ടപരിഹാരം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ലഭിച്ചുവെന്നും ആയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കുമോ;

(സി) വിളപ്പിൽശാല ഫാമിന്റെ അധീനതയിൽ ഉള്ള 100 ഏക്കറോളം ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഭൂമി വീണ്ടെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; എത്ര ഭൂമി വീണ്ടെടുത്തു എന്ന് പറയാമോ?

ഉത്തരം

(എ) 2011-നുശേഷം മൃഗസംരക്ഷണ വകുപ്പിൽനിന്നും വിവിധ വകുപ്പുകൾക്ക് ഭൂമി കൈമാറ്റം ചെയ്തു നൽകിയിട്ടുണ്ട്.

1. 19-07-2014-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1855/14/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ കാഞ്ഞിരമുക്ക് വെറ്ററിനറി ഡിസ്പെൻസറി ഉൾപ്പെടെ 50 സെന്റ് സ്ഥലം ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഐ.റ്റി.ഐ. നിർമ്മാണത്തിനായി കൈമാറിയിട്ടുണ്ട്.

2. 10-9-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 447/15/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽനിന്നും 6 ഏക്കർ സ്ഥലം അട്ടപ്പാടി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് ഉപയോഗാനുമതി മാത്രം നൽകി ഉത്തരവായിട്ടുണ്ട്.

3. 24-12-2012-ലെ ജി.ഒ.(ആർ.ടി.) നമ്പർ 289/12/അഗ്രി. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 0.5 ഏക്കർ സ്ഥലം യൂത്ത് വെൽഫെയർ ബോർഡിന് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനായി കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

4. കണ്ണൂർ ജില്ലയിലെ എരുവശ്ശേരി ഗ്രാമപഞ്ചായത്തിലെ ചെമ്പേരി മൃഗാശുപത്രിയുടെ 3 സെന്റ് സ്ഥലം അംഗൻവാടി കെട്ടിടം നിർമ്മാണത്തിനായി നൽകിയിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിൽനിന്നും വിട്ടുനൽകിയിട്ടുള്ള ഭൂമിയുടെ വില തിട്ടപ്പെടുത്തി നഷ്ടപരിഹാരം വാങ്ങിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വെറ്ററിനറി ഡിസ്പെൻസറികൾ

237 (1615) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വെറ്ററിനറി ആശുപത്രികളും വെറ്ററിനറി ഡിസ്പെൻസറികളും ഉണ്ട്; ഇവയിൽ എത്ര തസ്തികകളാണുള്ളത്; പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്രപേരാണ് സേവനം അനുഷ്ഠിക്കുന്നത്;

(ബി) ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; പ്രസ്തുത തസ്തികകൾ എപ്പോൾ നികത്തും ; ഇതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ;

(സി) വെറ്ററിനറി ഡോക്ടർമാർ ഇല്ലാത്ത പഞ്ചായത്തുകളിൽ പഞ്ചായത്ത്/ ഡിപ്പാർട്ട്മെന്റ് കാലിത്തീറ്റ വിതരണ പദ്ധതികൾ താളം തെറ്റുകയും കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ വൈകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 35 വെറ്ററിനറി ഡിസ്പെൻസറികളും 6 വെറ്ററിനറി ആശുപത്രികളുമുണ്ട്.

അവയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ

വെറ്ററിനറി സർജൻ-35

സീനിയർ വെറ്ററിനറി സർജൻ-6

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ-40

അറ്റൻഡന്റ്-40

പാർട്ട് ടൈം സ്വീപ്പർ-37

LIBRARY ARCHIVES Kerala Legislative Assembly